Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

10394/D/17/KSHO

പ്രേഷകൻ

11/10/2017

പ്രോഗ്രാം ഓഫീസർ (സംഘടന)
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ മാർക്കും

സർ,

**വിഷയം – ഹരിത കർമ്മ സേന രൂപീകരണം – കുടുംബശ്രീ ഏറ്റെടുക്കുന്നതു സംബന്ധിച്ച്**

**സൂചന – സ.ഉ. (സാധാ)നം 2420/2017/തസ്വഭവ തീയതി 15/07/2017**

സൂചന ഉത്തരവു പ്രകാരം(സൂചന ഉത്തരവ് ഹരിതകേരള മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.) ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹരിത കർമ്മ സേന രൂപീകരിക്കണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. കുടുംബശ്രീ സംഘടനാ സംവിധാനമുപയോഗിച്ച് ഈ പ്രവർത്തനം നടത്തുന്നതിനാണ് സർക്കാർ മുൻഗണന നൽകിയിരിക്കുന്നത്. ഇതിനാവശ്യമായ മറ്റു സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ക്രമീകരിക്കും. ഒക്ടോബർ മാസം ആദ്യ വാരങ്ങളിൽ കൂടുന്ന ജില്ലാ ആസൂത്രണയോഗത്തിൽ ഇതുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അംഗീകാരം ലഭിക്കും.

ജില്ലയിലെ എ ഡി എം സി (എം ഇ), ജില്ലാ പ്രോഗ്രാം മാനേജർ (എം ഇ) എന്നിവർ ജില്ലാ ആസൂത്രണ ഓഫിസിൽ നിന്നും ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിക്കായി തുക നീക്കിവെച്ചിട്ടുണ്ടെന്നു മനസ്സിലാക്കി ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗംങ്ങൾക്കു തന്നെ ഈ പ്രവർത്തനം കിട്ടുന്നുവെന്ന് ഉറപ്പാക്കണം. ഒരു കാരണവശാലും നമ്മുടെ അനാസ്ഥമൂലം മറ്റ് ഏജൻസികൾ പ്രവർത്തനം ഏറ്റെടുക്കാൻ പാടില്ല.

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

നിർദ്ധനരായ കുടുംബശ്രീ അംഗങ്ങൾക്ക് മികച്ച ഉപജീവന മാർഗ്ഗമാണിത്. **30000 വനിതകളെ ഇപ്രകാരം ഉപജീവന പ്രവർത്തനത്തിലേക്ക കൊണ്ടു വരാൻ കഴിയും. ഏകദേശം 12000 രൂപ ഇവർക്ക് മാസവരുമാനം ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.** കേവലം ചവർ സംസ്ക്കരണം എന്നതിലുപരി ഉന്നത സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മികച്ച ഒരു പ്രൊഫഷൻ എന്ന നിലയിലേയ്ക്ക് മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളെ മാറ്റുന്നതിനും ഹരിത കർമ്മ സേന അംഗങ്ങളെ മികച്ച സാങ്കേതിക ജ്ഞാനമുള്ളവരാക്കി മാറ്റുന്നതിനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രധാനമായും അജൈവ മാലിന്യങ്ങളാണ് ഹരിത കർമ്മ സേനാംഗങ്ങൾ കൈകാര്യം ചെയ്യേണ്ടത്.

**ഹരിത കർമ്മ സേന രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി 12/10/2017 മുതൽ ഓരോ ആഴ്ചയും വിലയിരുത്തുന്നതാണ്.** ഇതുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് ടേബിൾ കൃത്യമായി നാളീതീകരണം നടത്തണം. ഹരിത മിഷൻ , ശുചിത്വ മിഷൻ ജില്ലാ ഓഫീസുകളുടെ സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**പെട്ടെന്ന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

1. ഹരിത കർമ്മ സേന രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് സി ഡി എസ് ചെയർപേഴ്സൻ, എം ഇ സി മാർ, എം ഇ ഉപസമിതി അംഗങ്ങൾ എന്നിവർക്ക് ഏകദിന പരിശീലനം സംഘടിപ്പിക്കുക. (ബജറ്റ് പുറകാലെ അയയ്ക്കുന്നതാണ്)

2. ജില്ലാ ആസൂത്രണ ഓഫീസുമായി ബന്ധപ്പെട്ട് പദ്ധതി അംഗീകാരം ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ശേഖരിക്കുക. ഏറ്റവുമടുത്ത ദിവസം ഈ സ്ഥാപങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീയെ ഈ പ്രവർത്തനം ഏൽപ്പിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട കൗൺസിലുകളുടെ തീരുമാനം നേടിയെടുക്കുക.

3. ഇപ്രകാരം പദ്ധതിക്ക് അംഗീകാരം ലഭിച്ച തദ്ദേശ സ്ഥാപന പ്രദേശത്ത് സൂചന ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഹരിത കർമ്മ സേനാംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുക. (ഇതിനായി എം ഇ സി മാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്)

4. ഹരിത കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്ററുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേനയുടെ പരിശീലനത്തിനുള്ള നടപടി സ്വീകരിക്കുക. (തദ്ദേശ സ്ഥാപനതലത്തിൽ നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്)

വിശ്വസ്തതയോടെ

പ്രോഗ്രാം ഓഫീസർ (എം ഇ)